From

**Rasheed C.**
Tholiyanykarayil House
Anapara
Pathanamthitta - 689 645

COURT FEE INDIA 10 Rs. भारत दस रुपये TEN RUPEES

To

**State Public Information Officer**
Raj Bhavan
Thiruvananthapuram

വിഷയം: വിവരാവകാശ നിയമം - 05

Sir,

1) 07-05-2009ൽ അങ്ങെയുടെ ഓഫീസ് ഉൾപ്പെടെ സംസ്ഥാനത്ത് എത്ര കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകൾ തുറന്നു പ്രവർത്തിച്ചു? ജില്ല തിരിച്ച് ഓഫീസിന്റെ വിലാസവും വകുപ്പും ഫോൺ നമ്പരും ഉൾപ്പെടെ അറിയിക്കുമോ?

2) 07-05-2009ൽ രാവിലെ 10 മണിക്കു തുറന്നു പ്രവർത്തനമാരംഭിച്ചതിനുശേഷം ബല പ്രയോഗം നടത്തി സംസ്ഥാനത്തെ എത്ര കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകൾ ഹർത്താൽ അനുകൂലികൾ അടപ്പിച്ചു? ഹർത്താൽ അനുകൂലികൾ അടപ്പിച്ച സർക്കാർ ഓഫീസുകളുടെ വിലാസവും വകുപ്പും ഫോൺ നമ്പരും ഉൾപ്പെടെ ജില്ല തിരിച്ചു അറിയിക്കുമോ?

3) സംസ്ഥാനത്തു പെർമിറ്റോടുകൂടി ഓടുന്ന എത്ര സ്വകാര്യ ബസ്സുകളുണ്ട്? 07-05-2009ൽ സംസ്ഥാനത്തു പെർമിറ്റുള്ള എത്ര സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തി? അന്നേ ദിവസം അകാരണമായി സർവ്വീസ് നടത്താതെ ജനജീവിതം തടസ്സപ്പെടുത്തിയതിന്റെ പേരിൽ എത്ര വാഹനങ്ങൾക്കെതിരെ സർക്കാർ നടപടി യെടുത്തു? ജില്ല തിരിച്ചു അറിയിക്കുമോ?

4) 07-05-2009ൽ സംസ്ഥാനത്ത് എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തി? കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്താതെ ജനജീവിതം തടസ്സപ്പെടുത്തിയ എത്ര കെ. എസ്. ആർ.ടി. സി. ബസുകളുണ്ട്? അന്നേ ദിവസത്തെ കെ. എസ്. ആർ. ടി. സി.യുടെ വരുമാനം എത്ര? പോലീസ് സംരക്ഷ ണത്തോടെ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തി. ജില്ല തിരിച്ച് അറിയിക്കുമോ?

5) 07-05-2009ൽ രാവിലെ 6 മണിക്കും വൈകുന്നേരം 6 മണിക്കും ഇടയിൽ സംസ്ഥാ നത്ത് എത്ര പെട്രൂൾ പമ്പുകൾ തുറന്നു പ്രവർത്തിച്ചു? തുറന്നു പ്രവർത്തിക്കാതെ ജനജീവിതം തടസ്സപ്പെടുത്തിയതിന്റെ പേരിൽ എത്ര പെട്രൂൾ പമ്പുകൾക്കെതിരെ സർക്കാർ നടപടിയെടുത്തു? തുറന്നു പ്രവർത്തിച്ച എത്ര പമ്പുകൾക്ക് സർക്കാർ

പോലീസ് സംരക്ഷണം നൽകി. 07-05-2009ൽ തുറക്കാത്ത പെട്രൂൾ പമ്പുകൾക്കെതിരെ നടപടിയെടുക്കാതിരിക്കാനും, 07-05-2009 രാവിലെ 6 മണി മുതൽ തുറന്നു പ്രവർത്തനമാരംഭിച്ചതും പിന്നീടു ഹർത്താലുകാർ വന്നു ബലപ്രയോഗം നടത്തി അടപ്പിച്ചതും എന്നാൽ ഹർത്താൽ അനുകൂലികൾ പെട്രൂൾ പമ്പുകൾ ബലപ്രയോഗം നടത്തി അടപ്പിക്കാതിരിക്കാൻ പോലീസ് സംരക്ഷണം നൽകാതിരിക്കാൻ കാരണമായ രേഖകളുടെ പകർപ്പും നൽകുമോ? ജില്ല തിരിച്ചു അറിയിക്കുമോ?

6) ഹർത്താൽ അനുകൂലികൾ വന്നു പറയുമ്പോൾ ഓഫീസുകൾ അടച്ചു പൂട്ടണമെന്നു സർക്കാർ ഉത്തരവുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ?

7) ഹർത്താൽ അനുകൂലികൾ വന്നുപറഞ്ഞപ്പോൾത്തന്നെ അവരുടെ അക്രമത്തെ ഭയന്നു പോലീസ് സംരക്ഷണം ആവശ്യപ്പെടാതെ, മേലാഫീസറിനെ വിവരം അറിയിക്കാതെ 07-05-2009ൽ രാവിലെ 10 മണിക്കുശേഷം ഓഫീസ് അടച്ചു പൂട്ടിയതിന്റെ പേരിലും 07-05-2009ൽ ഹർത്താലിന്റെ പേരിൽ ഓഫീസ് തുറക്കാത്തിന്റെ പേരിലും എത്ര ജീവനക്കാർക്കെതിരെ അച്ചടക്ക നടപടിയെടുത്തു. ജില്ല തിരിച്ചു വിവരിക്കുമോ?

8) 07-05-2009ൽ സംസ്ഥാനത്തു ഹർത്താൽ അനുകൂലികളുടെ അക്രമണത്തിൽ എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി? ജില്ല തിരിച്ചു അറിയിക്കുമോ?

9) 07-05-2009ൽ വാഹന ഗതാഗതം തടസ്സപ്പെടില്ലെന്നും സർക്കാർ ഓഫീസുകൾ ഒരെണ്ണം പോലും പ്രവർത്തിക്കാതിരിക്കില്ലെന്നും സർക്കാർ ഉറപ്പു വരുത്താതിരിക്കാൻ കാരണമായ രേഖകളുടെ പകർപ്പുകൾ നൽകുമോ?

10) പൊതുമുതൽ നശിപ്പിക്കുന്നത് തടയാനുള്ള 84ലെ നിയമപ്രകാരവും സർക്കാരിന്റെ 2003 ഡിസംബർ 17ലെ സർക്കുലർ പ്രകാരമുള്ള നടപടികൾ 07-05-2009ൽ സർക്കാർ സ്വീകരിക്കാതിരിക്കാൻ കാരണമായ രേഖകളുടെ പകർപ്പുകൾ നൽകുമോ?.

11) നിർബന്ധിത ഹർത്താലുകളും പൊതു പണിമുടക്കുകളും നേരിടാനായി ബഹു. കേരള ഹൈക്കോടതി നൽകിയ നിർദ്ദേശങ്ങൾ പൂർണ്ണമായി 07-05-2009ൽ ബഹു. കേരള സർക്കാർ പാലിക്കാതിരിക്കാൻ കാരണമായ രേഖകളുടെ പകർപ്പുകൾ നൽകുമോ?

12) 07-05-2009ലെ ഹർത്താലിനെ നേരിടാൻ ഫലപ്രദമായ നടപടിയെടുക്കാത്തതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്? മേൽ ഖണ്ഡികകളിലെ വിവരങ്ങൾക്ക് ഖണ്ഡിക തിരിച്ച് വിവരാവകാശ നിയമപ്രകാരം മറുപടി സമർപ്പിക്കുവാൻ അപേക്ഷിക്കുന്നു.

എന്ന്

21-10-2009

പത്തനംതിട്ട

റഷീദ് സി.

KERALA RAJ BHAVAN
THIRUVANANTHAPURAM
Pin : 695 099

Tel : 2721100
Fax : 2720266

NO. KRB/RIA/94/09

October 27, 2009.

Shri. Rasheed C,
Tholiyanykarayil House,
Anapara,
Pathanamthitta - 689645.

സർ,

വിഷയം :- കേരളാ രാജ്ഭവൻ വിവരാവകാശനിയമ പ്രകാരം വിവരങ്ങൾ ലഭ്യമാക്കൽ സംബന്ധിച്ച്.

സൂചന :- താങ്കളുടെ 21.10.2009-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കേരള ഗവർണ്ണറുടെ ഓഫീസ് 7.5.2009-ൽ ഇൻ പ്രവർത്തിച്ചിരുന്നു. താങ്കൾ ആവശ്യപ്പെട്ട മറ്റു വിശദാംശങ്ങൾ നൽകുന്നതിനുവേണ്ടി താങ്കളുടെ അപേക്ഷയുടെ പകർപ്പ് സംസ്ഥാന സർക്കാരിന്റെ പൊതുഭരണ വകുപ്പ് (സ്പെഷ്യൽ-എ)ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അയതിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.

വിശ്വസ്തതയോടെ,

Padmaja

പി.ഡി. പത്മജ.
അണ്ടർ സെക്രട്ടറി &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ.